കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

# സ്ത്രീധന നിരോധന ആക്റ്റ്, 1961

## (1961-ലെ 28-ാം ആക്റ്റ്)

### (1974-ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവണ്മെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

കേന്ദ്രഗവൺമെന്റ്
നിയമ മന്ത്രാലയം

# സ്ത്രീധന നിരോധന ആക്റ്റ്, 1961

(1961-ലെ 28-ാം ആക്റ്റ്)

(1974-ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

# സ്ത്രീധന നിരോധന ആക്റ്റ്, 1961

(1961-ലെ 28-ാം ആക്റ്റ്)

## സ്ത്രീധനം കൊടുക്കുകയോ വാങ്ങുകയോ ചെയ്യുന്നത് നിരോധിക്കുവാനുള്ള ആക്റ്റ്

[1961, മേയ് 20]

ഇൻഡ്യ്യാ റിപ്പബ്ലിക്കിന്റെ പന്ത്രണ്ടാം സംവൽസരത്തിൽ പാർലമെന്റ് താഴെ
പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.—(1) ഈ ആക്റ്റിന്
സ്ത്രീധന നിരോധന ആക്റ്റ്, 1961 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റ്റേറ്റ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ
വ്യാപിക്കുന്നതാണ്.

(3) ഇത് കേന്ദ്ര ഗവൺമെന്റ് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം
വഴി നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. "സ്ത്രീധന"ത്തിന്റെ നിർവ്വചനം.—ഈ ആക്റ്റിൽ, "സ്ത്രീധനം"

എന്നാൽ:—

(ക) വിവാഹത്തിലെ ഒരു കക്ഷി വിവാഹത്തിലെ മറേറ കക്ഷിക്കോ,
അല്ലെങ്കിൽ

(ഖ) വിവാഹത്തിലെ ഇരുകക്ഷികളിൽ ഒരാളുടെ മാതാപിതാക്കളോ
മറേറതെങ്കിലും ആളോ വിവാഹത്തിലെ ഇരു കക്ഷികളിൽ ഒരാൾക്കോ മറേറതെ
ങ്കിലും ആൾക്കോ,

വിവാഹസമയത്തോ അതിനുമുമ്പോ അതിനുശേഷമോ മുൻപറഞ്ഞ കക്ഷി
കളുടെ വിവാഹത്തിനുള്ള പ്രതിഫലമായി നേരിട്ടോ നേരിട്ടല്ലാതെയോ കൊടു
ക്കുകയോ കൊടുക്കുവാൻ കരാർ ചെയ്യുകയോ ചെയ്യുന്ന ഏതെങ്കിലും വസ്തു
അല്ലെങ്കിൽ മൂല്യമുള്ള ഈട് എന്ന് അർത്ഥമാകുന്നതും, എന്നാൽ അതിൽ
മുസ്ലീം വ്യക്തി നിയമം (ശരി ആത്ത്) ബാധകമാകുന്ന ആളുകളുടെ സംഗതി
യിൽ ഡവ്വറോ മഹറോ ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

വിശദീകരണം I.—വിവാഹസമയത്ത് വിവാഹത്തിലെ ഇരുകക്ഷികളിൽ ഒരു
ആൾക്ക് പണത്തിന്റേയോ, ആഭരണങ്ങളുടേയോ, വസ്ത്ര
ങ്ങളുടേയോ മററു സാധനങ്ങളുടേയോരൂപത്തിൽ നല്കുന്ന
ഏതെങ്കിലും സമ്മാനം, അത് ആ കക്ഷികളുടെ വിവാഹ
ത്തിന് പ്രതിഫലമായി നല്കിയിട്ടുള്ളതല്ലാത്തപക്ഷം,
ഈ വകുപ്പിന്റെ അർത്ഥത്തിൽ സ്ത്രീധനമായി കരുത
പ്പെടുന്നതല്ലെന്ന്, സംശയങ്ങൾ നീക്കുന്നതിനായി ഇതിനാൽ
പ്രഖ്യാപിക്കുന്നു.

വിശദീകരണം II.—"മൂല്യമുള്ള ഈട്" എന്ന പദത്തിന് ഇൻഡ്യൻ ശിക്ഷാ
നിയമസംഹിതയിലെ 30-ാംവകുപ്പിലുള്ള അതേ അർത്ഥം
ഉണ്ടായിരിക്കുന്നതാണ്.

3. <u>സ്ത്രീധനം കൊടുക്കുകയോ വാങ്ങുകയോ ചെയ്യുന്നതിനുള്ള
ദണ്ഡനം.</u>—ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം, ഏതെങ്കിലും ആൾ, സ്ത്രീ
ധനം കൊടുക്കുകയോ വാങ്ങുകയോ, അല്ലെങ്കിൽ കൊടുക്കുന്നതിനോ വാങ്ങുന്ന
തിനോ പ്രേരണ നല്കുകയോ ചെയ്യുന്നുവെങ്കിൽ, അയാൾ ആറുമാസത്തോളമാ
കാവുന്ന തടവുശിക്ഷയോ അയ്യായിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ
അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

4. <u>സ്ത്രീധനം ആവശ്യപ്പെടുന്നതിനുള്ള ദണ്ഡനം.</u>—ഈ ആക്റ്റിന്റെ
പ്രാരംഭത്തിനുശേഷം, ഏതെങ്കിലും ആൾ, അതതുസംഗതിപോലെ, വധുവി
ന്റെയോ വരന്റെയോ, മാതാപിതാക്കളിൽനിന്നോ രക്ഷാകർത്താവിൽനിന്നോ,
നേരിട്ടോ നേരിട്ടല്ലാതേയോ ഏതെങ്കിലും സ്ത്രീധനം ആവശ്യപ്പെടുന്നുവെങ്കിൽ,
അയാൾ ആറുമാസത്തോളമാകാവുന്ന കാലത്തേക്കുള്ള തടവുശിക്ഷയോ
അയ്യായിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ
നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു :

എന്നാൽ, ഈ വകുപ്പിൻകീഴിലുള്ള ഏതെങ്കിലും കുററം സ്റേററു ഗവൺ
മെൻറിന്റെയോ, അല്ലെങ്കിൽ സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി ഇതി
ലേക്കായി സ്റേററ് ഗവൺമെൻറ് വിനിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥന്റെയോ
മുൻകൂട്ടിയുള്ള അനുമതി കൂടാതെ യാതൊരു കോടതിയും നടപടിക്കെടുക്കാൻ
പാടുള്ളതല്ല.

5. <u>സ്ത്രീധനം കൊടുക്കുകയോ വാങ്ങുകയോ ചെയ്യുവാനുള്ള കരാർ
ശൂന്യമായിരിക്കുമെന്ന്.</u>—സ്ത്രീധനം കൊടുക്കുകയോ വാങ്ങുകയോ ചെയ്യുവാ
നുള്ള ഏത് കരാറും ശൂന്യമായിരിക്കുന്നതാണ്.

6. <u>സ്ത്രീധനം ഭാര്യയുടേയോ അവളുടെ അനന്തരാവകാശികളുടേയോ
ഗുണത്തിനായിരിക്കുമെന്ന്:</u>— (1) ഏതു സ്ത്രീയുടെ വിവാഹത്തോട്
ബന്ധപ്പെട്ടാണോ ഏതെങ്കിലും സ്ത്രീധനം കൊടുക്കപ്പെട്ടിട്ടുള്ളത്, ആ
സ്ത്രീയല്ലാതെയുള്ള ഏതെങ്കിലും ആൾ അതു വാങ്ങുന്നിടത്ത്, ആ ആൾ
അത്—

(ക) സ്ത്രീധനം വിവാഹത്തിനുമുമ്പാണ് വാങ്ങിയതെങ്കിൽ,വിവാഹ
തീയതിയ്ക്കുശേഷം ഒരു വർഷത്തിനുള്ളിലോ, അല്ലെങ്കിൽ

(ഖ) സ്ത്രീധനം വിവാഹ സമയത്തോ അതിനുശേഷമോ ആണ്
വാങ്ങിയതെങ്കിൽ, അത് വാങ്ങിയ തീയതിക്കുശേഷം ഒരു വർഷത്തിനു
ള്ളിലോ, അല്ലെങ്കിൽ

(ഗ) സ്ത്രീധനം, സ്ത്രീ മൈനറായിരുന്നപ്പോഴാണ് വാങ്ങിയതെ
ങ്കിൽ, അവൾക്ക് പതിനെട്ടുവയസ്സ് പൂർത്തിയായതിനുശേഷം ഒരു വർഷത്തി
നുള്ളിലോ,

ആ സ്ത്രീക്ക് കൈമാററം ചെയ്യേണ്ടതും, അപ്രകാരം കൈമാററം ചെയ്യു
ന്നതുവരെ അത് ആ സ്ത്രീയുടെ ഗുണത്തിനുവേണ്ടി ട്രസ്ററായി വച്ചു
കൊള്ളേണ്ടതും ആകുന്നു.

(2) (1)-ാം ഉപവകുപ്പ് ആവശ്യപ്പെടുന്നതുപോലെയും അതിൽ പരിമിത
പ്പെടുത്തിയിട്ടുള്ള സമയത്തിനുള്ളിലും ഏതെങ്കിലും വസ്തു ഏതെങ്കിലും
ആൾ കൈമാററം ചെയ്യാതിരിക്കുകയാണെങ്കിൽ, അയാൾ, ആറുമാസത്തോളമാ
കാവുന്ന കാലത്തേക്കുള്ള തടവുശിക്ഷയോ അയ്യായിരം രൂപയോളമാകാവുന്ന
പിഴശിക്ഷയോ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണ്, എന്നാൽ
അങ്ങനെയുള്ള ശിക്ഷ, (1)-ാം ഉപവകുപ്പ് ആവശ്യപ്പെടുന്നതുപോലെ വസ്തു
കൈമാററം ചെയ്യുവാനുള്ള അയാളുടെ കടപ്പാടിൽനിന്ന്, അയാളെ ഒഴിവാക്കുന്ന
തല്ല.

(3) (1)-ാം ഉപവകുപ്പിൻ കീഴിൽ ഏതെങ്കിലും വസ്തുവിനവകാശമുള്ള സ്ത്രീ, അതു കിട്ടുന്നതിനുമുമ്പ് മരിക്കുന്നിടത്ത്, ആ സ്ത്രീയുടെ അനന്തരാവകാശികൾക്ക്, അതു തൽസമയം വച്ചുകൊണ്ടിരിക്കുന്ന ആളിൽനിന്ന് അവകാശപ്പെടുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

(4) ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും 3-ാം വകുപ്പിലേയോ 4-ാം വകുപ്പിലേയോ വ്യവസ്ഥകളെ ബാധിക്കുന്നതല്ല.

7. കുററങ്ങൾ നടപടിക്കെടുക്കാനുള്ള അധികാരം.—ക്രിമിനൽ നടപടി നിയമസംഹിത, 1898-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും.—

(ക) ഒരു പ്രസിഡൻസി മജിസ്ട്രേട്ടിൻേറയോ ഒരു ഒന്നാം ക്ലാസ് മജിസ്ട്രേട്ടിൻേറയോ കോടതിക്ക് താഴെയുള്ള യാതൊരു കോടതിയും ഈ ആക്ററിൻ കീഴിലുള്ള ഏതെങ്കിലും കുററം വിചാരണചെയ്യാൻ പാടില്ലാത്തതും,

(ഖ) കുററം ചെയ്ത തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ ബോധിപ്പിക്കുന്ന ഒരു പരാതിയിൻമേലൊഴികെ യാതൊരു കോടതിയും അങ്ങനെയുള്ള ഏതെങ്കിലും കുററം നടപടിക്കെടുക്കാൻ പാടില്ലാത്തതും,

(ഗ) ഈ ആക്ററിൻകീഴിൽ ഒരു കുററം സ്ഥാപിക്കപ്പെട്ട ഏതെങ്കിലും ആൾക്കെതിരായി ഒരു പ്രസിഡൻസി മജിസ്ട്രേററോ ഒരു ഒന്നാം ക്ലാസ് മജിസ്ട്രേററോ ഈ ആക്ററ് പ്രാധികാരം നല്കുന്ന ഏത് ശിക്ഷാവിധിയും പാസാക്കുന്നത് നിയമാനുസൃതമായിരിക്കുന്നതും, ആണ്.

8. കുററങ്ങൾ കോഗ്നൈസബിൾ അല്ലാത്തതും, ജാമ്യം അനുവദിക്കാവുന്നതും, രാജിയാക്കാവുന്നതല്ലാത്തതും ആണെന്ന്.—ഈ ആക്ററിൻ കീഴിലുള്ള ഏതൊരു കുററവും കോഗ്നൈസബിൾ അല്ലാത്തതും, ജാമ്യം അനുവദിക്കാവുന്നതും, രാജിയാക്കാവുന്നതല്ലാത്തതും ആയിരിക്കുന്നതാണ്.

9. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) കേന്ദ്ര ഗവൺമെൻറിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററിൻെറ ആവശ്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെൻറ് സമ്മേളനത്തിലായിരിക്കുമ്പോൾ അതിൻെറ ഓരോ സഭയുടേയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, ഏത് സമ്മേളനത്തിലാണോ അത് അപ്രകാരം വച്ചിട്ടുള്ളത്, ആ സമ്മേളനമോ അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് ഇരു സഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന് അതതു സംഗതിപോലെ, രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അത് അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള എന്തിൻെറയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.

10. റദ്ദാക്കലുകൾ:—ആന്ധ്രപ്രദേശ് സ്ത്രീധന നിരോധന ആക്ററ്, 1958-ം, ബീഹാർ സ്ത്രീധന നിയന്ത്രണ ആക്ററ്, 1950-ം ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.